# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം :2117 — 18. 07 . 2 0 1 6 ൽ മറുപടിക്ക്

## ബി.ആർ.സി കളിൽ എസ്.എസ്.എ.യുടെ ഭാഗമായി നിയമിച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകർ

ചോദ്യം — മറുപടി

ശ്രീ. രാജു എബ്രഹാം — പ്രൊഫ. സി. രവീന്ദ്രനാഥ്,

(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ബി.ആർ.സി കളിൽ എസ്.എസ്.എ യുടെ ഭാഗമായി നിയമിച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരിൽ ഒരു വിഭാഗം ഇപ്പോൾ എസ്.എസ്.എ യ്ക്ക് പുറത്തായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര റിസോഴ്സ് അദ്ധ്യാപകരാണ് ഇങ്ങനെ പുറത്തായതെന്നും എന്തു കാരണത്താലാണ് ഇത്രയും പേരെ പുറത്താക്കിയതെന്നും വിശദമാക്കുമോ; | എ) | ഉണ്ട്. 491 പേർ, 2015-16 വർഷത്തെ സർവ ഷിക്ഷാ അഭിയാന്റെ വാർഷിക പദ്ധതി അംഗീകരിച്ചപ്പോൾ ഒരു ബി.ആർ.സി യിൽ 5 റിസോഴ്സ് അധ്യാപകർക്ക് മാത്രമേ നിയമനം നൽകുന്നതിന് കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം അനുമതി നൽകിയിരുന്നുള്ളു. അതിൻ പ്രകാരം സംസ്ഥാനത്തെ 159 ബി.ആർ.സി കളിലായി 795 പേർക്ക് മാത്രമേ 2015-16 ൽ കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം ഫണ്ട് ഉപയോഗപ്പെടുത്തി നിയമനം നൽകിയിട്ടുള്ളൂ. കേരളസർക്കാർ പ്രത്യേകമായി അനുവദിച്ച് 5 കോടി രൂപ ഉപയോഗപ്പെടുത്തി 491 പേരെ 2015 ആഗസ്റ്റ് മാസത്തിൽ നിയമിക്കുകയുണ്ടായി. 2016 മാർച്ച് മാസത്തിൽ ഇവരുടെ കരാർ അവസാനിച്ചു. 2016-17 വർഷത്തിൽ ടി അദ്ധ്യാപകരെ പുനർ നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| ബി) | ഇത്തരം റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം കുറഞ്ഞതോടെ പൊതു | ബി) | ഇല്ല.,2015-16 ൽ സംസ്ഥാന സർക്കാർ |

| | | |
|---|---|---|
| സ്കൂളുകളിൽ പോയി പഠിക്കാൻ സാധിക്കാത്ത ഭിന്നശേഷിയുള്ള കുട്ടികൾക്ക് പല ബി.ആർ.സി കളിലും പഠനം നിഷേധിക്കേപ്പട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിലനിർത്താൻ പ്രത്യേക ഫണ്ട് അനുവദിച്ച് തുടർന്നും ഈ കുട്ടികൾക്ക് ഈ സൗകര്യം നിലനിർത്താൻ നടപടി സ്വീകരിക്കുമോ? | | പ്രത്യേക ഫണ്ട് അനുവദിച്ച് നിയമനം നടത്തിയ റിസോഴ്സ് അദ്ധ്യാപകർക്ക് 2016-17 ൽ പുനർ നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ